ബഹുമാനപ്പെട്ട പോൾ റമ്പാച്ചൻ 2012 ഫെബ്രുവരി മാസം 27 –ാം തീയതി തിങ്കളാഴ്ച സങ്കേതഭവനത്തിൽ നടത്തിയ ധ്യാനപ്രസംഗത്തിന്റെ പൂർണ്ണരൂപം.

# ചുവരെഴുത്തുകൾ 'മെനേ, മെനേ, തെക്കേൽ, ഊഫർസീൻ'

കർത്താവിൽ പ്രിയരെ,

ശോഭനമായ ഭാവിയ്ക്കു കളമൊരുക്കുവാൻ ഈ നോമ്പിന്റെ കാലം പ്രയോജനപ്പെടട്ടെയെന്നു ആശംസിക്കുന്നു. വേദവായനഭാഗം : ദാനിയേൽ 5 –ാം അദ്ധ്യായം. നമ്മുടെ തലയിലെ മുടിപോലും എണ്ണുന്ന ദൈവം നമ്മുടെ ഓരോ ദിവസത്തെയും ആത്മീയനിലവാരം അനുസരിച്ച് നമ്മുടെ ഭാവി എങ്ങനെയായിരിക്കുമെന്ന കാര്യം അറിയിച്ച് ശോഭനമായ ഭാവിയിൽ എത്തിക്കുവാൻ ബദ്ധപ്പെടുന്നുണ്ട്. നമ്മുടെ ആത്മശരീരമനസ്സുകളുടെ നിലവാരം സ്വർഗ്ഗത്തിലെ കമ്പ്യൂട്ടറിൽ എഴുതികാണിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ അടയാളങ്ങൾ നമ്മുടെ അനുദിന ജീവിതത്തിൽ കാണാൻ കഴിയും. ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ധ്യാനിക്കുകയും ചെയ്യുമ്പോൾ അതിന്റെ അർത്ഥം നമുക്ക് മനസിലാകുന്ന ഭാഷയിൽ വ്യാഖ്യാനിച്ച് തരുവാൻ കർത്താവ് പ്രവാചകന്മാരെ പ്രയോജനപ്പെടുത്തും. നമ്മുടെ പ്രവചനവരം ജ്വലിപ്പിച്ചാൽ നമ്മുടെ അനുദിന ജീവിതത്തിലെ ദൈവത്തിന്റെ ചുവരെഴുത്തുകൾ വായിച്ചറിയാനുള്ള ആ പരിജ്ഞാനവും വിവേകവും ആണ് നമ്മൾ ഈ നോമ്പു കാലത്ത് ആർജ്ജിക്കുന്നത്. എല്ലാവർക്കും മനസിലാകാത്ത കാര്യങ്ങൾ ദൈവത്തിന്റെ ആത്മാവ് പ്രവാചകന്മാരിലൂടെ നമ്മളോട് അറിയിച്ച് നമ്മളെ ശോഭനമായ ഭാവിയിൽ എത്തിക്കും. നമ്മുടെ പ്രവചനവരവും വിവേചനവരവും ജ്വലിപ്പിക്കുന്നത് ദൈവനാമമഹത്വത്തിനായിരിക്കണം. പഴയനിയമ കാലത്ത് ചില പ്രവാചകന്മാർക്ക് മാത്രം കിട്ടിയ ഈ സിദ്ധി വിശുദ്ധ മാമോദീസ ഏററ, സ്നാനം ഏററ പരിശുദ്ധാത്മാവ് അഭിഷേകമുള്ള എല്ലാ ദൈവമക്കൾക്കും വളർത്തിയെടുക്കാവുന്ന, രാജകീയ പുരോഹിതവർഗ്ഗമായി വിളിക്കപ്പെട്ടിരിക്കുന്ന നമ്മൾക്കും ഈ നൽവരം വളർത്തിയെടുത്ത് നാൾതോറുമുള്ള നമ്മുടെ ജീവിതത്തിന്റെ ചുവരെഴുത്തുകൾ തിരിച്ചറിയാൻ സാധിക്കും. ഈ നോമ്പും ഉപവാസവും ഉയിർപ്പും സ്വർഗ്ഗാരോഹണവും പെന്തിക്കൊസ്തിയും എല്ലാം വിവേചനവരം ലഭിക്കുന്നതിന് ഉതകട്ടെയെന്നു ആശംസിക്കുന്നു. സൗജന്യമായി കിട്ടുന്ന കൃപകളും കൃപാവരങ്ങളും സൗജന്യമായി കൊടുക്കണമെന്ന് കർത്താവ് തന്റെ ശിഷ്യന്മാരോട് പറഞ്ഞിട്ടുണ്ട്. മനുഷ്യനന്മയ്ക്കുവേണ്ടി, ഒരു ലാഭേച്ഛയുമില്ലാതെ കൈകാര്യം ചെയ്യുന്നവർക്കേ ദൈവം അത് കൊടുക്കൂ. അതേ നിലനിൽക്കൂ എന്നത് സത്യമാണ്. ദാനിയേലിനെപ്പോലെ കൃപാവരങ്ങൾ ജ്വലിപ്പിച്ചാൽ നമ്മുടെ ആത്മീയനിലവാരം നമ്മുടെ ഹൃദയത്തിന്റെ പലകയിൽ ആത്മാവിന്റെ കമ്പ്യൂട്ടറിൽ എഴുതികാണിക്കും. ആ ചുവരെഴുത്തുകൾ തിരിച്ചറിഞ്ഞ് വരാൻ സാദ്ധ്യതയുള്ള അപകടങ്ങൾ ഒഴിവാക്കി ശോഭനമായ ഭാവിയിൽ എത്തിചേരാൻ സാധിക്കുമെന്ന പ്രതീക്ഷ വേണം. നമുക്ക് തന്നിരിക്കുന്ന ആരോഗ്യം, മാനം, മഹത്വം, സ്ഥാനം മുതലായവ ദൈവത്തിന് കൊടുത്തില്ലായെങ്കിൽ അത് എടുത്ത് കളയപ്പെടുകയോ നഷ്ടപ്പെട്ടുപോകുകയോ ചെയ്യാൻ സാധ്യതയുണ്ടെന്ന് നാം അറിഞ്ഞിരിക്കണം. നമ്മുടെ അജ്ഞതകൊണ്ടോ ബലഹിനതകൊണ്ടോ നമ്മുടെയോ പൂർവ്വീകരുടെയോ സ്ഥാനമാനങ്ങൾ, രാജകീയ പുരോഹിതവർഗ്ഗമായി നമുക്ക് തന്ന ആ ദാനങ്ങൾ നഷ്ടപ്പെടുകയോ എടുക്കപ്പെടുകയോ ചെയ്തോയെന്ന് പരിശോധിക്കണം. കഴിഞ്ഞ തലമുറയിൽ നിന്ന് പാഠങ്ങൾ പഠിച്ച്, അനുഗ്രഹിക്കപ്പെട്ട പുതിയ തലമുറയ്ക്കു തുടക്കം ഇടാനാണ് അവൻ നമ്മെ വിളിച്ചിരിക്കുന്നത്. നമ്മുടെ ഓരോ ദിവസത്തെയും ജീവിതവും നീക്കങ്ങളും ദൈവത്തെ മഹത്വപ്പെടുത്തുന്നതും നമ്മുടെ മഹത്വവും ശക്തിയും സ്വർഗ്ഗത്തിൽ സൂക്ഷിക്കുന്നതും ആകണം. അല്ലെങ്കിൽ അത് പാതാളത്തിൽ പോയി, അത് ശാപമായി, രോഗമായി തിരിച്ചുവരുമെന്നുള്ള കാര്യം ഓർമ്മിപ്പിച്ചിരിക്കുന്നു. ദാനിയേലിന്റെ ഈ 5 –ാം അദ്ധ്യായം എല്ലാ തലമുറയിലും എല്ലായിടങ്ങളിലും ആവർത്തിക്കുന്ന ഒരു പ്രതിഭാസമാണ്.

അങ്ങനെയാണ് പുതിയ ഒരു ശൈലി ഉണ്ടായത്, കാലത്തിന്റെ തിരുവെഴുത്തുകൾ, ചുവരെഴുത്തുകൾ. നമ്മുടെ രാജ്യത്ത്, നാട്ടിൽ, വീട്ടിൽ, ചുററുപാടിൽ നടക്കുന്ന നിത്യസംഭവങ്ങളിൽ ദൈവത്തിന്റെ ഒരു കരം കൂടിയുണ്ട്. ഓരോ സംഭവത്തിന്റെയും കാര്യവും കാരണങ്ങളും അതിന്റെ ഭാവിയുമെല്ലാം ദൈവം നമ്മെ അറിയിക്കുവാൻ ലോകത്തിലെ നിത്യസംഭവത്തിലൂടെ ദൈവത്തിന്റെ വിരൽ എഴുത്ത്, ചുവരെഴുത്ത് അതിൽ നാം ശ്രദ്ധിക്കേണം. അതിൽ നമ്മുടെ പ്രവചനവരം നല്ലവണ്ണം വിവേചിച്ച് പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു. നമ്മുടെ നോമ്പും പ്രാർത്ഥനയും ഉപവാസവും ആത്മനിറവും

അതിനാകട്ടെയെന്ന് ആശംസിക്കുന്നു. കഴിഞ്ഞ തലമുറയുടെ ശാപത്തിന് അന്തം വരുത്തി അനുഗ്രഹിക്കപ്പെട്ട പുതിയ തലമുറകൾക്ക് തുടക്കമിടാൻ കഴിയും. അതിന് വിവേചനവരം ശരിക്കും ഉപയോഗിക്കണമെന്നാണ് പറഞ്ഞതിന്റെ അർത്ഥം.

1 തെസ്സ. 5 : 21; 1 യോഹ. 2 :27 വായിക്കുക. തമ്മിൽ തമ്മിൽ പ്രാർത്ഥിച്ച് വിവേചനവരം വളർത്തി തമ്മിൽ തമ്മിൽ ശോധന ചെയ്തു തമ്മിൽ തമ്മിൽ പ്രബോധിപ്പിച്ച് സകലവും ശോധന ചെയ്തു തിന്മയെ തള്ളി നന്മയെ തിരഞ്ഞെടുത്ത യേശുവിനെ നമ്മളിൽ വളർത്താൻ സാധിക്കും. മുപ്പതു വയസ്സുവരെ യേശു മാതാവിന്റെ കൂടെ തൈരും തേനും കൊണ്ട് തിന്മയെ തള്ളി നന്മയെ തിരഞ്ഞെടുത്ത് ജീവിക്കുകയായിരുന്നു. ആ തൈരും തേനും ധ്യാനത്തിലൂടെ നമ്മുടെ ഉള്ളിൽ ഉറ കൂടുന്ന വചനമാകുന്ന പാലിന്റെ കാര്യമാണ്. വചനമാകുന്ന പാല് കുടിച്ച് ഹൃദയത്തിൽ സൂക്ഷിച്ച് വെച്ചാൽ പരിശുദ്ധാത്മാവിന്റെ പുളിപ്പ് അതിൽ പ്രവർത്തിച്ചിട്ട് അത് തൈരായി മാറും. ആ തൈരും നമ്മുടെ ഹൃദയപുഷ്പത്തിൽ വികസിക്കുന്നതായ പുഷ്പങ്ങളിലെ ദൈവസ്നേഹത്തിന്റെ, ദൈവവചനത്തിന്റെ അനുഭവങ്ങൾ നമുക്ക് തേൻ പോലെ രുചികരമായി ആസ്വദിക്കാൻ സാധിക്കും. തൈരും തേനും കൂടി ചേർത്ത് കഴിക്കുന്നതുപോലെ വചനധ്യാനം നമുക്ക് വിവേചനവരം വളർത്തി തരുമെന്ന കാര്യം ഇവിടെ പറഞ്ഞിരിക്കുന്നത്. സകലതും ശോധന ചെയ്തു നല്ലതു മുറുകെ പിടിക്കുവിൻ എന്ന പുതിയനിയമത്തിലെ കല്പന ആചരിക്കുവാൻ നമ്മുടെ 50 നോമ്പിന്റെ ആചരണം, വരാനിരിക്കുന്ന ഉയിർപ്പുപെരുന്നാൾ, പെന്തിക്കൊസ്തിപെരുന്നാൾ എല്ലാം അതിന് ഉതകിയിട്ട് നമ്മൾ നമ്മുടെ കുടുംബത്തെയും സമുഹത്തെയും രാഷ്ട്രത്തെയും എല്ലാം നല്ല പാതയിൽ നയിച്ച് ക്ഷേമരാഷ്ട്രമാക്കി തീർക്കാനുള്ള ആ വലിയ സംരംഭത്തിൽ കൂട്ടുചേരാൻ നമുക്ക് സാധിക്കുമെന്ന കാര്യം ഇവിടെ ഓർമ്മിപ്പിക്കുന്നു.

1 യോഹന്നാൻ 2 : 25–27 വാക്യങ്ങൾ, പരിശുദ്ധാത്മാവിന്റെ അഭിഷേകം ജ്വലിപ്പിക്കാമെങ്കിൽ ആരും നമ്മളെ ഉപദേശിക്കേണ്ട ആവശ്യമില്ല. ഇതാകുന്നു അവൻ നമുക്ക് തന്ന വാഗ്ദത്തം, നിത്യജീവൻ തന്നെ. നിങ്ങളെ തെററിക്കുന്നവരെ ഓർത്തു ഞാൻ ഇത് നിങ്ങൾക്ക് എഴുതിയിരിക്കുന്നു. അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു. ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല. അവന്റെ അഭിഷേകം തന്നെ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയാലും അത് ഭോഷ്കല്ല, സത്യം തന്നെ ആയിരിക്കയാലും അത് നിങ്ങളെ ഉപദേശിച്ചതുപോലെ നിങ്ങൾ അവനിൽ വസിപ്പിൻ. നാം യേശുക്രിസ്തുവിൽ വസിക്കുകയും ക്രിസ്തു നമ്മിൽ വസിക്കുകയും ചെയ്യുമ്പോൾ നമ്മുടെ പ്രാണൻ മുഴുവനും യേശുവിൽ മറഞ്ഞിരിക്കുകയാണെങ്കിൽ നമ്മുടെ മേൽ ദൃഷ്ടിവെച്ച് ആലോചന പറഞ്ഞുതരുമെന്ന് സങ്കീർത്തനങ്ങൾ 32:8–ാം വാക്യത്തിൽ പറയുന്നു. പുതിയനിയമത്തിൽ നമ്മുടെ പ്രാണൻ മുഴുവനും യേശുവിൽ മറഞ്ഞിരിക്കുമ്പോൾ സ്വർഗ്ഗത്തിൽ കർത്താവ് പറയുന്ന കാര്യം നമ്മൾക്ക് കേൾക്കാൻ കഴിയും. നമ്മുടെ ശരീരം ഭൂമിയിൽ ആണെങ്കിലും നമ്മുടെ ബോധവിചാരഹൃദയമണ്ഡലങ്ങൾ കർത്താവിന്റെ ഉള്ളിൽ പോയി ഇരിക്കുമ്പോൾ കർത്താവ് സ്വർഗ്ഗത്തിൽ പറയുന്ന കാര്യങ്ങൾ അവിടെനിന്ന് കേട്ടിട്ട് അത് നമ്മുടെ ആത്മാവ് നമ്മുടെ ചെവിയിൽ മന്ത്രിക്കും. സങ്കീർത്തനങ്ങൾ 32:7, 8 വാക്യങ്ങൾ, നീ എനിക്കു മറവിടമാകുന്നു. നീ എന്നെ കഷ്ടത്തിൽ നിന്നു സൂക്ഷിക്കും. രക്ഷയുടെ ഉല്ലാസഘോഷം കൊണ്ട് നീ എന്നെ ചുററിക്കൊള്ളും. ഞാൻ നിന്നെ ഉപദേശിച്ച് നടക്കേണ്ടുന്ന വഴി നിന്നെ അഭ്യസിപ്പിക്കും. ഞാൻ നിന്റെ മേൽ ദൃഷ്ടിവെച്ച് നിനക്ക് ഉപദേശം തരും. കോളേജിലും സ്കൂളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഉത്തരവാദിത്വത്തോട് കഴിയുന്ന ഓഫിസന്മാർക്കും ഡ്യൂട്ടി ചെയ്യുന്ന എല്ലാ ജീവനക്കാർക്കും ഇത് പ്രത്യാശ നൽകുന്ന ഒരു കാര്യമാണ്. ദൈവത്തിന്റെ നല്ല ആലോചനയിൽ നമ്മുടെ ധർമ്മങ്ങൾ നിർവഹിച്ച് ജന്മസാഫല്യം അണയുവാൻ ഈ വാഗ്ദത്തം നമുക്ക് പിടിച്ചു പററണം.

ഞാൻ നിന്നെ ഉപദേശിച്ച് നടക്കേണ്ടുന്ന വഴി നിന്നെ അഭ്യസിപ്പിക്കും എന്നാണ് പറയുന്നത്. ആ അഭ്യാസത്തിനുവേണ്ടിയാണ് ഈ സങ്കേതഭവൻ തുറന്നിട്ടിരിക്കുന്നത്. സ്വർഗ്ഗത്തിൽ ഇരിക്കുന്ന കർത്താവിന്റെ കണ്ണ് നമ്മുടെ കണ്ണിൽ വന്നിട്ട് നമ്മുടെ കണ്ണും കർത്താവിന്റെ കണ്ണും കൂട്ടിമുട്ടുകയാണെങ്കിൽ ദൈവത്തിന്റെ കണ്ണിൽ നിന്ന് ഒരു പ്രകാശവും ശക്തിയും നമ്മുടെ കണ്ണിലേക്ക് വന്നിട്ട് അത് ആലോചനയായി തിരിച്ചറിയാൻ സാധിക്കും എന്നൊരു അർത്ഥമുണ്ട്. നമ്മുടെ പ്രാണൻ മുഴുവൻ യേശുവിൽ ആകുകയാണെങ്കിൽ നമ്മുടെ ആത്മാവും പ്രാണനും കൂടിചേർന്ന ആത്മശരീരം യേശുവിന്റെ ഉള്ളിൽ മറഞ്ഞിരിക്കുകയാണെങ്കിൽ യേശുവിന്റെ കണ്ണിലൂടെ നമുക്ക് എല്ലാ കാര്യവും കാണാൻ കഴിയും. കർത്താവിന്റെ കണ്ണ് നമ്മുടെ കണ്ണിൽ വെച്ചിട്ട് നമ്മുടെ കണ്ണിലൂടെ കർത്താവ് കാണും. നമ്മുടെ കണ്ണ് കർത്താവിന്റെ കണ്ണിൽ വെച്ചിട്ട് കർത്താവ് കാണുന്നതെല്ലാം നമുക്കും പോയി കാണാൻ

കഴിയും. അങ്ങനെ നമ്മളിലൂടെ കർത്താവും കർത്താവിലൂടെ നമ്മളും കാര്യങ്ങൾ കാണുന്ന കാഴ്ചപ്പാട് നമുക്ക് ലഭിക്കും. അപ്പോഴാണ് ആരും നമ്മളെ ഉപദേശിക്കേണ്ട ആവശ്യമില്ലാത്ത അവസ്ഥയിൽ എത്തിച്ചേരുന്നത്. ആരും നമ്മളെ ശാസിക്കുകയോ ഉപദേശിക്കുകയോ ചെയ്യേണ്ടതായ കാര്യമില്ലാതെ എല്ലാം ചന്തമായും ഉചിതമായും ചെയ്യുന്ന ഒരു വ്യവസ്ഥതിയിലേക്ക് നമ്മളെ വളർത്താനാണ് നോമ്പും പ്രാർത്ഥനയും ഉപവാസവും എല്ലാം. എത്രയും വേഗം ഈ മരുഭൂമിയുടെ അനുഭവം ശരിക്കും പ്രയോജനപ്പെടുത്തി നമ്മുടെ അശുദ്ധികൾ എല്ലാം ഈ മരുഭൂമിയിൽ കുഴിച്ചുമൂടുകയാണെങ്കിൽ വിശുദ്ധനായ ദൈവം വിശുദ്ധാത്മാവിനെ നമ്മളിൽ കുടിയിരുത്തി നമ്മെ ദൈവത്തിന്റെ ആലോചനസഭയിലേക്ക് വിളിച്ചുയിർത്തപ്പെടും. ദൈവത്തിന്റെ ആലോചനസഭയിൽ പോകുമ്പോൾ അവിടത്തെ ചർച്ചകൾ എല്ലാം നമുക്ക് പഠിക്കാൻ സാധിക്കും.

അങ്ങനെ കർത്താവിന്റെ ആലോചനസഭയിൽ ഇരുന്നതിനുശേഷം വേണം ജോലിക്കുപോകാൻ. അപ്പോൾ നാം ദൈവത്തിന്റെ പ്രതിനിധിയായിട്ടായിരിക്കും ജോലി ചെയ്യുന്നത്. ഒരു അടിമ ബാലനായ ദാനിയേൽ വളർന്ന് വളർന്ന് മന്ത്രിസഭയിലെ രാജാവിന്റെ ഉപദേശകവൃന്ദത്തിൽ എത്തി. ഈ ശോഭനമായ വലിയ ഭാവിയാണ് ദൈവം നമുക്ക് വാഗ്ദത്തം ചെയ്തിരിക്കുന്നത്. നമ്മൾ ഇപ്പോൾ പാപത്തിന് അടിമകളായി ഈ ലോകത്തിൽ പാപത്തിന്റെയും പിശാചിന്റെയും അടിമത്തത്തിൽ കിടക്കുന്ന നമ്മൾ, മരുഭൂമിയെ ശരിക്കും പ്രയോജനപ്പെടുത്തി, നമ്മൾ കർത്താവിന്റെ ഉള്ളിൽ എത്തിച്ചേരാമെങ്കിൽ, കർത്താവ് നമ്മുടെ മറവിടമാകുകയാണെങ്കിൽ, നമുക്ക് സ്വർഗ്ഗത്തിലെ ആലോചനസഭയിൽ കയറി നിന്ന്, ദൈവത്തിന്റെ ആലോചനകൾ ഏററുവാങ്ങി, അത് മററുള്ളവർക്ക് കൊടുക്കുന്ന വലിയ ജോലി കിട്ടും. അങ്ങനെ സ്വർഗ്ഗത്തിലെ കൗൺസിൽ അംഗം ആകാൻ സാധിക്കും, ഉപദേശകവൃന്ദത്തിൽ എത്താൻ സാധിക്കും. അത് നമ്മെ ഈ ലോകത്തിൽ കർത്താവിന്റെ ഏജന്റ് ആയി അംബാസിഡർ ആയി കർത്താവിന്റെ അനുഗ്രഹങ്ങൾ വിതരണം ചെയ്യുന്നവരാകാൻ സാധിക്കുന്ന കാര്യം അറിയണം. നമ്മളെ വിവേചനവരമുള്ളവരാക്കി സകലതും ശോധന ചെയ്തു നല്ലതു മുറുകെ പിടിക്കാൻ ഇടയാകട്ടെയെന്നു ആശംസിക്കുന്നു. ഈ ധ്യാനമന്ദിരത്തിൽ വരുന്നവരുടെ ആത്മീയനിലവാരം അപ്പോൾതന്നെ സ്വർഗ്ഗത്തിലെ കമ്പ്യൂട്ടറിൽ എഴുതി കാണിക്കുന്നുണ്ട്. നമ്മുടെ ആത്മാവിന്റെ അകത്തെ കണ്ണ് തുറക്കുകയാണെങ്കിൽ ധ്യാനിച്ചിരിക്കുമ്പോൾ ആ എഴുത്ത് വായിച്ച് മററുള്ളവർക്ക് അത് വ്യാഖ്യാനിച്ച് കൊടുക്കാൻ സാധിക്കും. കഴിഞ്ഞ 38 വർഷങ്ങളായി ഈ വിഷയത്തിൽ ഗവേഷണം നടത്തികൊണ്ടിരിക്കുന്ന ഒരു ഗവേഷണവിദ്യാർത്ഥി എന്ന നിലയിൽ നിങ്ങളെ കുറിച്ച് ദൈവത്തിന്റെ ആത്മാവ് തന്ന ആലോചനകളും എഴുത്തുകളും അതിന്റെ വിവരങ്ങളും എഴുതി എടുക്കാം. അത് നിങ്ങളുടെ ഭാഷയിൽ ദൈവത്തിന്റെ ആത്മാവ് വ്യാഖ്യാനിച്ച് തരും. ഇവിടെ പറഞ്ഞ ധ്യാനവിഷയങ്ങളുടെ പശ്ചാത്തലത്തിൽ അതിനെ ഇപ്പോൾ നിങ്ങളെ അറിയിക്കുന്നു. അത് എഴുതിയെടുത്ത് നിങ്ങളുടെ പ്രാർത്ഥനമുറിയിൽ ഇരിക്കുമ്പോൾ നിങ്ങളുടെ ഭാഷയിൽ പരിശുദ്ധാത്മാവ് പരിഭാഷപ്പെടുത്തി തരുമ്പോഴേ അത് നിങ്ങളുടെ സ്വന്തമാകുകയുള്ളു. ഇപ്പോൾ നിങ്ങൾക്ക് അറിയാവുന്ന ഭാഷയിൽ എനിക്ക് അറിയാവുന്ന ഭാഷയിൽ ഞാൻ നിങ്ങളോട് പറയുന്നു. അത് നിങ്ങളുടെ ഭാഷയിൽ പരിശുദ്ധാത്മാവ് പരിഭാഷപ്പെടുത്തി, അത് നിങ്ങളുടെ ധ്യാനവിഷയമാക്കമെങ്കിൽ, ദാനിയേലിനെപ്പോലെയും പൌലൊസിനെപ്പോലെയും യോഹന്നാനെപ്പോലെയും അപ്പൊസ്തൊലന്മാരെപ്പോലെയും പെന്തിക്കൊസ്തിവരെ കാത്തിരുന്ന 120 പേരെപ്പോലെയും നമുക്ക് ഈ ലോകത്തിന്റെ അററത്തോളം ദൈവത്തിന്റെ സാക്ഷികളായി കർത്താവിന്റെ നന്മയുടെയും കരുണയുടെയും ഉറവിടമായി അനേകർക്ക് അത് വിതരണം ചെയ്യുന്ന വലിയ വേല കിട്ടുമെന്ന കാര്യം ഓർപ്പിച്ചുകൊണ്ട്, നാം പഠിച്ചതും ധ്യാനിച്ചതുമായ വേദവായനയുടെ പശ്ചാത്തലത്തിൽ വിവേചന നിലവാരം നമുക്ക് എഴുതിയെടുക്കാം. കഴിഞ്ഞ ദിവസം പഠിച്ചതും ധ്യാനിച്ചതുമായ തിരുവചനത്തിന്റെ വെളിച്ചത്തിൽ ഉണ്ടായിരിക്കുന്ന ചില ചോദ്യങ്ങൾ ഉണ്ട്. നോമ്പിന്റെ രണ്ടാം ഞായറാഴ്ച എന്ന നിലയിൽ വിശുദ്ധ മർക്കൊസ് 1–ാം അദ്ധ്യായത്തിന്റെ 32 –ാം വാക്യങ്ങൾ മുതൽ വായിച്ചു. സങ്കീർത്തനങ്ങൾ 119:165 വാക്യവും ചേർത്ത് വായിച്ച് ധ്യാനിക്കുക. ന്യായപ്രമാണത്തിൽ പ്രിയമുള്ളവർക്ക് മഹാസമാധാനം ഉണ്ടെന്നുള്ള കാര്യം. ന്യായപ്രമാണത്തിൽ 100% പ്രിയമുണ്ടെങ്കിൽ നമുക്ക് സമാധാനമായ യേശുവിനെ തന്നെ 100% ഉൾക്കൊള്ളാൻ സാധിക്കും. വിശുദ്ധ കന്യകമറിയാമിന് ന്യായപ്രമാണത്തിൽ 100% പ്രിയമുള്ളതുകൊണ്ടാണ് ദൂതനിൽ നിന്ന് ഒരു പ്രത്യേക സന്ദേശം കിട്ടി കഴിഞ്ഞപ്പോൾ ഉറച്ചിരുന്ന കല്യാണം പോലും മാററിവെച്ചത്. തന്റെ കല്യാണത്തിനേക്കാൾ പ്രാധാന്യമുള്ള കാര്യമാണ്, പാപപാമ്പിന്റെ തല ചതയ്ക്കുവാൻ, ദൈവം മനുഷ്യനാകാൻ, ഒരു കന്യകയെ ആവശ്യമുള്ളത്. അത് ഞാൻ ആയികൊള്ളാം എന്ന് തീരുമാനിച്ചു. എല്ലാം മാററിവെച്ച് ന്യായപ്രമാണത്തിലുള്ള പ്രിയം, പാപപാമ്പിന്റെ തല ചതയ്ക്കണം, ഏദൻതോട്ടത്തിൽ കയറിയ പാപപാമ്പിന് പരിഹാരം ഉണ്ടാക്കണം, അതിന് ഒരു കന്യകയെ വേണമെങ്കിൽ, ഞാൻ തന്നെ

ആകണമെങ്കിൽ അങ്ങനെയാകട്ടെ എന്നു പഞ്ഞു. എല്ലാം മാറിയിരിക്കട്ടെ. അതുകൊണ്ട് വിശുദ്ധ കന്യകമറിയാമിനാണ് ഇന്ന് ലോകത്തിൽ ഏററവും കൂടുതൽ സമാധാനം കിട്ടിയത്. കൃപനിറഞ്ഞ മറിയാമേ, നിനക്ക് സമാധാനം എന്ന് പറഞ്ഞ് സർവ്വസമാധാനവും അയച്ചുകൊടുക്കുന്നത്.

സമാധാനമായ യേശുവിന് ഇരിക്കാൻ നമ്മുടെ ഹൃദയം ഒരുക്കി കൊടുത്താൽ സമാധാനമായ യേശു നമ്മളെ ആത്മാവുകൊണ്ട് നിറച്ചിട്ട് കേൾക്കുന്ന വചനത്തിന്റെ വിവേചനവരം നമ്മൾക്ക് തന്ന് സകലതും ഉചിതമായും ക്രമമായും ചിന്തിച്ച് പ്രവർത്തിക്കാൻ കഴിയും. അങ്ങനെ കർത്താവിന്റെ ആലോചനസഭയിൽ ആദ്യമായി മാതാവാണ് ഉയർത്തപ്പെട്ട് കയറിയത്. ആ മാതാവിനെ കർത്താവ് എടുത്തുകൊണ്ടുപോയി, ഇപ്പോൾ കർത്താവിന്റെ ആലോചനസഭയിൽ ഉണ്ട്. അത്രത്തോളം ഉയരാനുള്ള സാധ്യത നമ്മൾക്കുമുണ്ട്. ഈ നോമ്പ് നമ്മെ ആ അവസ്ഥയിലേക്ക് ആനയിക്കട്ടെയെന്ന് ആശംസിക്കുന്നു. മഹാസമാധാനം കിട്ടാൻ ന്യായപ്രമാണത്തിലെ പ്രിയം എനിക്ക് എത്ര ശതമാനം ഉണ്ട്? (ചോദ്യം) വിശുദ്ധ മർക്കോസ് 1:32 –ാം വാക്യങ്ങൾ മുതൽ ; സങ്കീർത്തനങ്ങൾ 119:165 വാക്യം (വേദവായനഭാഗങ്ങൾ). നിങ്ങൾ കർത്താവിനോട് ചോദിച്ചാൽ നിങ്ങളുടെ ഭാഷയിൽ കർത്താവ് അതിന് മറുപടി നൽകും. നമ്മുടെ നിലവാരം എവിടെയാണ് എന്നറിഞ്ഞിട്ട്, കർത്താവ് ആഗ്രഹിക്കുന്ന അവസ്ഥയിൽ വളരാൻ, ഈ മരുഭൂമിയും ഈ അവസ്ഥയും നമുക്ക് ഉണ്ടാകുന്ന എല്ലാ അനുഭവങ്ങളും നമുക്ക് പ്രയോജനപ്പെടുത്താം.

| പൊതുനിലവാരം | മുടക്കികൾ | **പകരം** |
|---|---|---|
| 0 – 51 | 100 – 50 | 2 ലക്ഷം |

മഹാസമാധാനം കിട്ടാൻ, ന്യായപ്രമാണത്തിലെ പ്രിയം "0' ആയിരിക്കുന്നവർ പലരും ഉണ്ട്. ഇങ്ങനെയൊരു കാര്യമേ അവരുടെ പ്രിയത്തിൽ കയറിയിട്ടില്ല. അവർക്ക് പ്രിയപ്പെട്ട ചില കാര്യങ്ങൾ, വ്യക്തികൾ, വിഷയങ്ങൾ എന്നിവയുണ്ട്. അത് നടക്കാൻ ദൈവത്തെ വിളിച്ചുകൊണ്ടു നടക്കുകയാണ്. നേരെമറിച്ച് ന്യായപ്രമാണത്തിലാണ് എന്റെ പ്രിയം. അപ്പോൾ ദൈവം തരുന്നത് ഒക്കെ മതി. ആദ്യം വേണ്ടത് സമാധാനമായ യേശുവിനെ തന്നെയാണ്. ആ യേശുവിനെ തന്നെ സ്വീകരിപ്പാൻ ബാക്കി പ്രിയങ്ങൾ എല്ലാം ഞാൻ മാററിവെച്ചിരിക്കുന്നു. എനിക്ക് ദൈവത്തിൽ തന്നെയാണ് രസിക്കേണ്ടത്. എനിക്ക് കിട്ടേണ്ടത് ദൈവത്തെ തന്നെയെന്നു പറയാമെങ്കിൽ നമുക്ക് ആ വലിയ ഭാഗ്യം കിട്ടും. മാതാവിന് സമാധാനമായ യേശുവിനെ കിട്ടിയതുപോലെ, നമുക്കും കിട്ടും. ആ യേശുവിന്റെ കൂടെ നമുക്ക് വേണ്ടതെല്ലാം പുറകെ വരും. അതാണ് ന്യായം, അതാണ് നീതി. 100% പ്രിയം ഇതുവരെ ആയിട്ടില്ല. മററ് പല പ്രിയങ്ങൾ നമ്മെ അപഹരിച്ചതുകൊണ്ട് ന്യായപ്രമാണത്തിന്റെ പ്രിയത്തിന് ഇടമില്ല, സ്ഥലമില്ല. എല്ലാ പ്രിയങ്ങളും പിൻവലിച്ചിട്ട് എനിക്ക് എന്റെ കർത്താവിനെ മാത്രമാണ് പ്രിയം എന്നു പറയുമെങ്കിൽ, അത് 100% ആയിതീരും. എന്തുകൊണ്ടാണ് ചിലരുടെ ന്യായപ്രമാണത്തോടുള്ള പ്രിയം 100% ആകാത്തത്? പലർക്കും അത് '0' ത്തിൽ തന്നെ നിൽക്കുന്നു. ചിലർക്ക് അത് 51% വരെ ആയിട്ടുണ്ട്. എന്നാൽ ആയിരകണക്കിന്, ലക്ഷകണക്കിന് ആളുകളെ ധ്യാനിപ്പിക്കുന്ന ധ്യാനമന്ദിരത്തിലെ പ്രേക്ഷിതർ എത്ര രാത്രി ആയാലും ഈ വചനങ്ങൾ കേട്ട് ചങ്ങല പ്രാർത്ഥന നടത്തി, മുട്ടുകുത്തി പ്രാർത്ഥിച്ച്, ഇത് അനുഭവമാക്കാൻ ബദ്ധപ്പെടുന്നതുകൊണ്ട് അവർ വളരെ വേഗം വളർന്നുകൊണ്ടിരിക്കുന്നു. 69% വരെ ന്യായപ്രമാണത്തിൽ പ്രിയമുള്ളവരുണ്ട്. ദിവസം മുഴുവൻ ധ്യാനിക്കുന്നവർ വളരെവേഗം ഇതിൽ വളരുന്നുണ്ട്. ഇത് ഒരു മൊത്തസമയ (ഫുൾടൈം) വേലയാക്കാമെങ്കിൽ നമുക്ക് വളരെവേഗം ന്യായപ്രമാണത്തിലെ പ്രിയം 100% ആക്കാമെന്നുള്ള കാര്യം ഓർമ്മിപ്പിക്കുന്നു. അവരുടെ മുടക്കികളുടെ എണ്ണം കുറഞ്ഞു കുറഞ്ഞു വരുന്നു. അത് പൂജ്യത്തിലേക്ക് പോകണം. മുടക്കികൾ പൂജ്യം ആയാൽ മാത്രമേ പ്രിയം 100% ആകുകയുള്ളു. ന്യായപ്രമാണ പ്രിയമുടക്കികൾ പൂജ്യം ആകാമെങ്കിൽ ന്യായപ്രമാണപ്രിയം 100% ആയിട്ട് വളരും. ഇന്നത്തെ സ്വർഗ്ഗകോടതി ഈ മുടക്കികളെ പകരം കൊടുത്ത് മാററാൻ രണ്ട് ലക്ഷം ജീവികളെ അനുവദിച്ചിരിക്കുന്നു. ന്യായപ്രമാണത്തിൽ പ്രിയമുണ്ടായി സമാധാനമായ യേശുവിനെ തന്നെ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നവർക്ക് നഷ്ടപരിഹാരം കൊടുക്കാൻ, തിന്മകളെ കുടിയിറക്കാൻ രണ്ട് ലക്ഷം ജീവികളെ മാററിയിട്ടിരിക്കുന്നു. ലെഗിയോൻ ബാധിച്ചവൻ സൽസ്വഭാവിയായി മാറുവാൻ രണ്ടായിരം പന്നികളെ ചോദിച്ചുവാങ്ങിയതുപോലെ, ഈ വർഷം നമ്മുടെ ന്യായപ്രമാണമുടക്കികളോട് പോകാൻ പറഞ്ഞപ്പോൾ അവർ ചോദിച്ചത്, രണ്ട് ലക്ഷം ജീവികളെ, കിട്ടിയാൽ അവർ പോകാമെന്നു പറഞ്ഞു. നമുക്ക് അതെല്ലാം വീതിച്ചെടുക്കണം. കർത്താവേ എനിക്ക് എത്ര ശതമാനം കിട്ടും എന്ന് ചോദിച്ച് എല്ലാവരും വീതിച്ചെടുക്കണം. കർത്താവിനോട് ചോദിക്കണം. കർത്താവേ, എന്റെ ന്യായപ്രമാണപ്രിയമുടക്കി 100 നും 50 നും ഇടയിലുണ്ട്. അതിന് ഈ രണ്ട് ലക്ഷം

ജീവികളിൽ നിന്ന് കുറെ ജീവികളെ തരണമെന്ന് പറഞ്ഞാൽ നമുക്ക് പകരം കിട്ടും. ആ പകരത്തിലേക്ക് തിന്മകൾ കടന്നുപോയി കഴിഞ്ഞാൽ, ന്യായപ്രമാണപ്രിയം 100% ആയി കഴിഞ്ഞാൽ നമുക്ക് കർത്താവിന്റെ ആലോചനസഭയിലേക്ക് കയറി അനുഗ്രഹങ്ങൾ വാങ്ങിക്കാമെന്ന് ഓർമ്മിപ്പിക്കുന്നു.

വിശുദ്ധ യോഹന്നാന്റെ സുവിശേഷം 15 : 17 മുതൽ വായിക്കുക, ധ്യാനിക്കുക. യേശുവിന്റെ നാമത്തിൽ കിട്ടിയ ലോകത്തിന്റെ പക, അത് സഹിച്ചോ? (ചോദ്യം) നമ്മൾ യേശുവിനെ ആരാധിക്കുന്നു. യേശുവിന്റെ മണവാട്ടി സഭയിലേക്ക് വിളിക്കപ്പെട്ടതുകൊണ്ടു മാത്രം ലോകത്തിലെ സകല നിന്ദകളും നമുക്ക് വരും. നിന്ദയും ദുഷിയും പഴിയും അസൂയയും നമുക്ക് ഉണ്ടാകും. പക്ഷേ, നമ്മൾ അതിനെ പ്രയോജനപ്പെടുത്തി, ആ മരുഭൂമിയുടെ അനുഭവങ്ങളെ, ഏദൻതോട്ടം പണിയാൻ ഉപയോഗിച്ചോ എന്നതാണ് വിഷയം. നമുക്ക് ലഭിക്കാൻ പോകുന്ന കർത്താവിന്റെ ആ വലിയ സമ്മാനങ്ങൾ ഓർത്തിട്ടുവേണം പക സഹിക്കാൻ, പലർക്കും ഈ പകയോ വിദ്വേഷമോ സഹിക്കാൻ കഴിയുന്നില്ല. അക്ഷമ കാണിച്ചതുകൊണ്ട് പലർക്കും പൂജ്യമാണ്. ചിലർക്ക് 14% വരെ ആയിട്ടുണ്ട്.

| പൊതുനിലവാരം | മുടക്കികൾ | **പകരം** |
|---|---|---|
| 0 – 14 | 100 – 69 | 2 ലക്ഷം |

യേശുവിന്റെ നാമത്തിൽ കിട്ടിയതായ ലോകത്തിന്റെ പക: അത് സന്തോഷത്തോട് സ്വീകരിച്ച്, അതിൽ യേശുകുഞ്ഞിനെ വളർത്തിയവർ വളരെ കുറവാണ്. 14% ത്തിൽ കൂടുതൽ ആ കാര്യത്തിൽ വളർന്നവർ ഇവിടെയില്ല. മററ് ചില സ്ഥലങ്ങളിൽ 43% വരെ വളർന്നവരുണ്ട്. നമുക്ക് യേശുവിന്റെ നാമത്തിൽ കിട്ടുന്നതായ പക അത് നാൾതോറുമുള്ള കുരിശിന്റെ ഭാഗമായി പ്രയോജനപ്പെടുത്താൻ, ഇന്നുമുതൽ പകരം കിട്ടിയ രണ്ട് ലക്ഷം ജീവികളിലേക്ക് അതിനെ തിരിച്ചുവിട്ട്, നമുക്ക് വളരെവേഗം വളരാൻ സാധിക്കൂ. നിങ്ങളുടെ പ്രാർത്ഥനമുറിയിൽ കൊണ്ടുപോയി പ്രാർത്ഥിക്കുമ്പോൾ നിങ്ങളുടെ ജീവിതത്തിലേക്ക് ഇത് പരിഭാഷ നടത്തിതരുമെന്ന് ഓർമ്മിപ്പിക്കുന്നു.

ദൈവരാജ്യത്തെ കുറിച്ച് നാം പഠിച്ചുകൊണ്ടിരിക്കുകയാണ്. നിന്റെ രാജ്യം വരണമെന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത്, പിശാചിന്റെ രാജ്യം ഇവിടെയുള്ളതുകൊണ്ടാണ്. ദൈവരാജ്യം വരണമെന്ന് ഇത്രയും നാൾ പ്രാർത്ഥിച്ചു. എത്ര ശതമാനം ദൈവരാജ്യം വന്നു കാണും? നീതിയും സമാധാനവും പരിശുദ്ധാത്മാവിന്റെ സന്തോഷവും 100% ആയികഴിയുമ്പോൾ ദൈവരാജ്യം വന്നു എന്ന് വിചാരിക്കാം. നീതിയും സമാധാനവും പരിശുദ്ധാത്മാവിന്റെ സന്തോഷവും 100% ഇതുവരെയും ആകാത്തതുകൊണ്ട്, ഇനിയും പിശാചിന്റെ രാജ്യം കൂടെ നമ്മിൽ നിന്ന് പോകാൻ ഉണ്ട്. ഒരിടെത്ത് ദൈവത്തിന്റെ രാജ്യം, മററൊരിടെത്ത് പിശാചിന്റെ രാജ്യം. ഇത് രണ്ടും കൂടി അടിയാണ്. അതുകൊണ്ട് നമ്മൾ 100% ദൈവരാജ്യത്തിന്റെ ഉള്ളിൽ ആകുമ്പോഴാണ് എപ്പോഴും സന്തോഷിക്കാൻ കഴിയുന്നത്. ദൈവരാജ്യം 100% ആയിട്ടില്ലാത്തതുകൊണ്ട്, ആ പ്രാർത്ഥന ഇനിയും തുടരേണ്ടിയിരിക്കുന്നു. ഓരോ പ്രാർത്ഥനയും കഴിയുമ്പോൾ, ദൈവരാജ്യത്തിന്റെ അതിരുകൾ മാററി മാററി അടിക്കണം. ഇഞ്ച് ഇഞ്ച് ആയി തിന്മയെ തള്ളിമാററിയെങ്കിലെ നമുക്ക് ഈ രാജ്യത്തിന്റെ അതിര് മാററാൻ കഴിയുകയുള്ളു. ഈ തിന്മയ്ക്കു യാതൊരു നീതിബോധവുമില്ല, ന്യായബോധവുമില്ല. ഉടുമ്പിനെപ്പോലെ എവിടെയെങ്കിലും അള്ളിപ്പിടിച്ചിരിക്കും. പോലിസുകാർ ചെന്ന്, ശക്തിയോട് വലിച്ചിറക്കി വിട്ടാൽ മാത്രമേ പോകുകയുള്ളു. കോടതിവിധി ഉണ്ടായാലും അവർക്ക് യാതൊരു ന്യായവിധിബോധവും ഇല്ല. പോലിസിന്റെ ലാത്തിയടി കിട്ടിയാൽ മാത്രമേ അവർ പോകുകയുള്ളു. ദൈവരാജ്യത്തിൽ നിന്ന് തിന്മകളെ അടിച്ചു ഓടിച്ചു കളഞ്ഞാൽ മാത്രമേ അവർ പോകുകയുള്ളു. അതിനെല്ലാം കർത്താവ് പുതിയ സംവിധാനം ചെയ്തിരിക്കുന്നു. ദൈവരാജ്യം എന്നിൽ എത്ര ശതമാനം വളർന്നു? (ചോദ്യം)

| പൊതുനിലവാരം | മുടക്കികൾ | പകരം |
|---|---|---|
| 0 – 59 | 100 – 59 | 2 ലക്ഷം |

നമുക്ക് ദൈവരാജ്യത്തിന്റെ അതിര് എത്രയും വേഗം മാററിയടിച്ച്, നാം എത്രയും ദൈവരാജ്യത്തിന്റെ ഭരണവ്യവസ്ഥിതിയിൽ ആകുമ്പോൾ, പിശാചിന്റെ രാജ്യത്തിന്റെ എതിർപ്പിൽനിന്ന് സംരക്ഷണം ലഭിക്കും, മറ ലഭിക്കും എന്നുള്ള കാര്യം ഓർമ്മിപ്പിക്കുന്നു.

വിശുദ്ധ മത്തായി 5 : 17 – 29 ദൈവരാജ്യത്തിൽ കയറണമെങ്കിൽ ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയണമെന്നുള്ള ഒരു കാര്യം നാം പഠിച്ചു. കർത്താവിനെ പരിഹസിക്കുകയും ക്രൂശിക്കുകയും ചെയ്ത അന്നത്തെ ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതി : അത് കപടഭക്തിയുടെ നീതിയായിരുന്നു. അതുകൊണ്ട് അവർക്ക് ആർക്കും യേശുവിനെ കാണാനോ വിശ്വസിക്കാനോ ദൈവരാജ്യത്തിൽ കടക്കാനോ കഴിഞ്ഞില്ല. അങ്ങനെയുള്ള കപടഭക്തിയും കപടനീതിയും ഒക്കെ നമ്മളിലും കടന്നുവരാൻ സാധ്യതയുണ്ട്. അതുകൊണ്ട് ദൈവരാജ്യത്തിൽ കടക്കണമെങ്കിൽ അന്നുണ്ടായിരുന്ന ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്ന ഒരു നീതി, അത് ദൈവസന്നിധിയിൽ നിന്ന് ആർജ്ജിക്കേണം എന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

| പൊതുനിലവാരം | മുടക്കികൾ | പകരം |
|---|---|---|
| 0 – 61 | 0 – 73 | 2 ലക്ഷം |

കഴിഞ്ഞ ഒരാഴ്ചയിലെ നോമ്പുകൊണ്ട് ഇതാണ് നമ്മുടെയും ധ്യാനിക്കുന്നവരുടെയും ആത്മീയ നിലവാരമെന്ന് എഴുതി കാണിച്ചിരിക്കുന്നു. ആ ചുവരെഴുത്തിന്റെ അർത്ഥം വ്യാഖ്യാനിച്ചു തരുവാൻ പരിശുദ്ധാത്മാവിന്റെ ആലോചന സഭയിലേക്ക് ബോധവിചാരഹൃദയങ്ങളെ ഉയർത്തുവാൻ ഇനിയും വരാൻ പോകുന്ന വിശുദ്ധ കുർബ്ബാനയും രഹസ്യപ്രാർത്ഥനയും ധ്യാനവും എല്ലാം ഉതകട്ടെയെന്നു ആശംസിക്കുന്നു.

വിശുദ്ധ മത്തായി 7 : 1 – 21 കർത്താവ് അറിയാതെ പ്രവചിച്ച് അത്ഭുതങ്ങൾ ചെയ്ത അധർമ്മം എന്നിൽ എത്രയുണ്ട്? ഈ ലോകത്തിൽ യേശുവിന്റെ നാമത്തിൽ യേശു അറിയാതെ അത്ഭുതങ്ങൾ പ്രവർത്തിക്കാനും പ്രവചിക്കാനും കഴിയുമെന്ന് നാം അറിഞ്ഞിരിക്കണം. അങ്ങനെ കർത്താവ് അറിയാതെ പ്രവചിച്ച് അത്ഭുതങ്ങൾ ചെയ്ത അധർമ്മം എനിക്ക് എത്ര ശതമാനം ഉണ്ട്? (ചോദ്യം) അങ്ങനെ എത്ര കേസുകൾ ഉണ്ട്?

| പൊതുനിലവാരം | മുടക്കികൾ | പകരം |
|---|---|---|
| 100 – 69 | | 3 ലക്ഷം |

തിന്മയുടെ ശക്തികൾ 100 – 68 ഇടയ്ക്കുള്ളതിനാൽ നമുക്ക് ഇങ്ങനെയുള്ള കേസുകൾ ഉണ്ടെന്നകാര്യം നമ്മളെ ദുഃഖിപ്പിക്കണം. ഇനിയുമുള്ള നമ്മുടെ നമ്മുടെ കുമ്പിടിലും പ്രാർത്ഥനകളും ഉപവാസങ്ങളും ആരാധനകളും എല്ലാം, ഈ കേസുകൾ തീരാൻ സ്വർഗ്ഗകോടതിയിൽ പോയി നിന്ന്, യേശു നല്ല വക്കീൽ ആയി നിന്ന് വാദിച്ച്, സ്വർഗ്ഗത്തിലെ ജഡ്ജിയായ പിതാവായ ദൈവംതമ്പുരാൻ, നമ്മുടെ കേസ് എടുത്ത് വ്യവഹാരം നടത്തി, നമ്മളെ രക്ഷിക്കണമെന്ന് പറയുവാൻ, ഇനിയുള്ള ദിവസങ്ങൾ ഉതകട്ടെയെന്നു ആശംസിക്കുന്നു.

കർത്താവ് അറിയാതെ പ്രവചിച്ചതും അത്ഭുതങ്ങൾ പ്രവർത്തിച്ച് അധർമ്മം പ്രവർത്തിച്ചതുമായ കേസുകൾ ഉള്ളവരാണ് പലരും. മൂന്ന് ലക്ഷം പകരം ജീവികളിലേക്ക് ആ തിന്മയുടെ ശക്തിയെ തിരിച്ചുവിട്ട്, നമുക്ക് കർത്താവ് അറിഞ്ഞുമാത്രം എല്ലാ കാര്യങ്ങളും ചെയ്യാൻ സാധിക്കും. കർത്താവും ഭർത്താവും അറിഞ്ഞുമാത്രം എല്ലാ കാര്യങ്ങളും ചെയ്യുന്ന നീതി : അവരുടെ അനുവാദവും അംഗീകാരവും അനുമതിയുമുള്ള എല്ലാ നല്ല വേലകളും കുടുംബ ഭദ്രതയ്ക്കും, സഭ ഭദ്രതയ്ക്കും, രാഷ്ട്രഭദ്രതയ്ക്കും ഉതകും. എല്ലാവരുടെയും മുകളിൽ ഉള്ള ഭരണകർത്താവാണ് സ്വർഗ്ഗത്തിലെ പിതാവ്. ആ സ്വർഗ്ഗത്തിലെ പിതാവിന്റെ കീഴിൽ, ആ പിതാവിന്റെ ഇഷ്ടപ്രകാരം നമ്മുടെ ധർമ്മങ്ങൾ നിർവഹിക്കുവാൻ കർത്താവിനൊടൊത്ത്, കർത്താവ് അറിഞ്ഞു എല്ലാ കാര്യങ്ങളും ചെയ്യുമ്പോൾ, സ്വർഗ്ഗത്തിലെ ബാററയും ബോണസും അലവൻസും അനുഗ്രഹങ്ങളും സംരക്ഷണവും എല്ലാം നമുക്ക് കിട്ടും. കർത്താവ് അറിഞ്ഞു നമ്മൾ ഓരോ വേല ചെയ്താൽ, നമുക്ക് വേണ്ടതെല്ലാം നമ്മുടെ പുറകെ

കൊണ്ടുതരും. ആദ്യം രാജ്യവും നീതിയും അന്വേഷിച്ചാൽ നമുക്ക് വേണ്ടതെല്ലാം നമ്മെ തേടിവരുമെന്ന കാര്യം നിവൃത്തിയാകാൻ മുഖാന്തരമാകട്ടെ.

വിശുദ്ധ മത്തായി 7 : 11, 12 യാചിച്ച് അന്വേഷിച്ച് മുട്ടി പിതാവിൽ നിന്ന് വാങ്ങുന്ന നന്മകൾ, മററുള്ളവർ ഇങ്ങോട്ടു തരുന്നതിന് മുമ്പ്, അങ്ങോട്ടു കൊടുത്ത് പ്രവാചകധർമ്മം നിർവഹിക്കണം. മററുള്ളവർ നമുക്ക് തരാൻ ആഗ്രഹിക്കുന്നത്, ദൈവത്തിൽ നിന്ന് വാങ്ങി അങ്ങോട്ടു കൊടുക്കണം. അതാണ് ദൈവം നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നത്. യാചിച്ച് അന്വേഷിച്ച് മുട്ടി പിതാവിൽ നിന്ന് വാങ്ങുന്ന നന്മകൾ മററുള്ളവർ ഇങ്ങോട്ടു തരുന്നതിന് മുമ്പ് അങ്ങോട്ടു കൊടുത്ത് പ്രവാചകധർമ്മം നിർവഹിച്ചത് എത്ര? (ചോദ്യം) ഇത് നമ്മൾക്ക് ഒരിക്കലും ഉൾകൊള്ളാൻ കഴിയാത്ത / ഉൾകൊള്ളാത്ത ഒരു കാര്യമാണ്. എല്ലാവരും ഇങ്ങോട്ടു തരാൻവേണ്ടി നോക്കിയിരിക്കുകയാണ്. പക്ഷേ അങ്ങോട്ടു കൊടുക്കുന്ന കാര്യത്തിൽ തികഞ്ഞിട്ടില്ല, സാധിച്ചിട്ടില്ല. എന്നാൽ ദൈവം നമുക്ക്, ഈ വചനം വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്താൽ, അനേകർക്ക് അനുഗ്രഹങ്ങൾ വിളമ്പികൊടുക്കാൻ കഴിയുന്ന പാത്രങ്ങളായി തീരാൻ, നമുക്ക് കഴിയും. പ്രാർത്ഥിക്കാമെങ്കിൽ, കർത്താവ് നമ്മളെ വലിയ പാത്രങ്ങളാക്കി അനേകർക്ക്, നിത്യദയാലുവായി വായ്പ കൊടുക്കുന്ന സ്ഥിതിയിലേക്ക് വളർത്തുമെന്ന് പറയുന്നു. ഇങ്ങോട്ടു കിട്ടേണ്ടത് അങ്ങോട്ട് കൊടുത്ത് ആ വചനം നിവൃത്തിയാക്കുവാൻ പലർക്കും സാധിച്ചിട്ടില്ല.

| പൊതുനിലവാരം | മുടക്കികൾ | പകരം |
|---|---|---|
| 0 – 31 | 100 – 69 | 3 ലക്ഷം |

പകരം തന്ന മൂന്ന് ലക്ഷം ജീവികളിലേക്ക് മാററിവിട്ട്, ആ പ്രശ്നങ്ങൾ പരിഹരിക്കുവാൻ വളരെ ശക്തിയായി വേലകൾ നടന്നുകൊണ്ടിരിക്കുന്നു. നമുക്കും അതിന്റെ പങ്ക് പററാം എന്നു ഓർമ്മിപ്പിക്കുന്നു. ഇതാണ് ന്യായപ്രമാണവും പ്രവാചകന്മാരും എന്ന് വിശുദ്ധ മത്തായി 7 : 12 ൽ എഴുതിയിരിക്കുന്നു. വേദപുസ്തകത്തിലെ എല്ലാ വേദഭാഗങ്ങളുടെയും ചുരുക്കമാണിത്. മററുള്ളവർ ഇങ്ങോട്ടു തരേണ്ടത് ദൈവത്തിൽ നിന്ന് വാങ്ങി അങ്ങോട്ടു കൊടുക്കുക.

അങ്ങനെ വാങ്ങുന്നതിനേക്കാൾ കൊടുക്കുന്ന ഭാഗ്യം ആസ്വദിക്കാൻ, നമുക്ക് വേണ്ടതെല്ലാം നമ്മളെ തേടിവരും. താഴ്മയ്ക്കും യഹോവഭക്തിയ്ക്കും പ്രതിഫലമായ ധനവും മാനവും ജീവനും നമ്മളെ തേടിവന്ന്, നമുക്ക് ക്ഷേമരാഷ്ട്രവും ദൈവരാജ്യത്തിന്റെ വ്യവസ്ഥിതിയും അനേകർക്ക് അനുഭവമാക്കി കൊടുക്കാൻ കഴിയുമെന്ന കാര്യം ഈ നോമ്പു കാലത്ത് നാം കണ്ടെത്തിയിരിക്കുന്നു. ഇത് ഇവിടെ വെളിപ്പെട്ടതായ ഒരു ചുവരെഴുത്താണ്. ആ ചുവരെഴുത്ത് നമ്മുടെ ക്ഷേമത്തിനും അഭിവൃദ്ധിയ്ക്കുമായി പ്രയോജനപ്പെടുത്തണം.

2 കൊരിന്ത്യർ 6 ാം അദ്ധ്യായത്തിൽ കഷ്ടതകളുടെ ഒരു വലിയ ലിസ്ററ് എഴുതിയിട്ടുണ്ട്. ദൈവമക്കൾ ദൈവത്തിന്റെ ഭവനം പണിയുന്നതിന്റെ ഇടയിൽ 18 തരം കഷ്ടതകളെ സിദ്ധികളാക്കി, കഷ്ടത സിദ്ധതയെയും സിദ്ധത പ്രത്യാശയും ഉളവാക്കും. പ്രത്യാശയുടെ ധൈര്യം മുറുകെ പിടിച്ച് നമുക്ക് ദൈവത്തിന്റെ ഭവനമായി തീരാൻ കഴിയും. നമുക്ക് ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങളും നമ്മുടെ ഉള്ളിൽ ദൈവത്തിന്റെ ഭവനം പണിയാൻ ഉപകരിക്കുമെന്നുള്ള കാര്യം ഓർക്കണം. കിട്ടിയ കഷ്ടതകൾ, നിന്ദ, പഴി, ദുഷി എന്നിവ എന്റെ ഉള്ളിൽ സ്വർഗ്ഗപണിക്ക് ഉപകരിച്ചോ? (ചോദ്യം) നമ്മുടെ ഉള്ളിൽ ദൈവത്തിന് വസിക്കാൻ വിധത്തിൽ ഒരു സ്വർഗ്ഗം ഉണ്ടാകാൻ / ഒരു സ്വർഗ്ഗീയഭവനം പണിയുവാൻ ഇതെല്ലാം പ്രയോജനകരമാണ്. 18 തരം കഷ്ടങ്ങളെ 18 തരം സിദ്ധികളാക്കി അതിനെ അനേകർക്ക് ഭവനം പണിയുവാനായിട്ട് പൗലൊസ് ഉപയോഗിച്ച രംഗം 2 കൊരിന്ത്യർ 6 ൽ കാണുന്നത്. കഷ്ടങ്ങളും ദുഷികളും പഴികളെയും പ്രയോജനപ്പെടുത്തി അകത്ത് ദൈവത്തിന്റെ ഒരു ഭവനം പണിതവർ / പണിതത് പലരും അത് ആരംഭിച്ചിട്ടില്ല. പലരും 'പൂജ്യം' ആണ്, ഏററവും കൂടുതൽ വളർന്നത് 9% വരെ മാത്രമാണ്. 2 കൊരിന്ത്യർ 6 : 1 – 10 വാക്യങ്ങൾ

| പൊതുനിലവാരം | മുടക്കികൾ | പകരം |
|---|---|---|
| 0 – 9 | 100 – 78 | 3 ലക്ഷം |

അകത്ത് സ്വർഗ്ഗം പണി / കർത്താവിന്റെ വീട് പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നമുക്കും ഈ നോമ്പ് കാലത്ത് 100 % ആക്കാൻ ഇടയാകട്ടെയെന്നു ആശംസിക്കുന്നു. നമ്മുടെ വീട് പണി / ദൈവത്തിന്റെ ഭവനം പൂർത്തീകരിക്കാനുള്ള ബദ്ധപ്പാട് തുടർന്നുകൊണ്ടിരിക്കുന്ന കാര്യം അറിയിച്ചിരിക്കുന്നു. കിട്ടിയ കഷ്ടത, നിന്ദ, ദുഷി, പഴി എന്നിവ സ്വർഗ്ഗം പണിക്ക് / ദൈവഭവന പണിക്ക് നമ്മൾ ഉപയോഗിച്ചത് 9% മുതൽ 24% വരെ മാത്രമാണ്. ഇനിയും വരുന്ന ദിവസങ്ങളിലെ ധ്യാനവും പ്രാർത്ഥനയും കുമ്പിടിലും 100% വിജയത്തിലെത്തിക്കാൻ സഹായിക്കട്ടെയെന്ന് ആശംസിക്കുന്നു.

പിതാവിൽ മറഞ്ഞിരിക്കുന്ന രീതി, പിതാവിന്റെ ഏററവും വലിയൊരു ഹോബിയാണ് മറഞ്ഞിരിപ്പ്. എവിടെയും പ്രത്യക്ഷപ്പെടാൻ കഴിവുള്ള ദൈവത്തെ എവിടെയെങ്കിലും കാണുന്നുണ്ടോ? പിതാവിന്റെ ഏററവും ഇഷ്ടമുള്ള ഒരു കാര്യമാണ് മറഞ്ഞിരിപ്പ്. അത്യാവശ്യമുള്ളപ്പോൾ പ്രത്യക്ഷപ്പെടും. ഇടി വെട്ടുന്നതുപോലെ വർത്തമാനം പറയാൻ കഴിവുള്ളയാളാണ് പിതാവായ ദൈവം തമ്പുരാൻ. സീനായ് മലയിൽ വന്ന് വർത്തമാനം പറഞ്ഞതാണ്. പക്ഷേ ഇന്ന് എങ്ങും ഇടി വെട്ടുന്നതുപോലെ വർത്തമാനം പറയുന്നില്ല. വെളിപ്പെടാനുള്ള കഴിവ് ഒതുക്കി അടക്കി വെയ്ക്കുന്നതാണ് പിതാവിന്റെ സ്വഭാവം. ആ പിതാവിനെ പ്രസാദിപ്പിക്കുവാൻ നമുക്കും വർത്തമാനം കുറയ്ക്കണം. എത്രയും ഒതുങ്ങിയിരിക്കണം. എത്രയും മറഞ്ഞിരിക്കണം. അത്യാവശ്യമുള്ളപ്പോൾ മാത്രം പ്രത്യക്ഷപ്പെടുക. അപ്പോൾ നമുക്ക് ഒത്തിരി ഡിമാന്റ് ആയിരിക്കും. അപ്പോൾ ആളുകൾ തപ്പി പിടിക്കും. ദൈവം തമ്പുരാനെ തപ്പിപിടിക്കാൻ എന്താണ് ഇത്രയും കൊതി? ദൈവത്തെ എങ്ങും കാണാനില്ല. എന്നാൽ എല്ലായിടത്തും ഉണ്ട്. അതാണ് ദൈവത്തിന്റെ സ്വഭാവം. ഉപ്പിന്റെ പ്രത്യേകത എന്താണ്? എല്ലാ കറികളിലും ഉപ്പുണ്ട്. ഉപ്പിനെ കാണാനുണ്ടോ? കാണുന്ന അവസ്ഥയിൽ അതിനെ പ്രയോജനപ്പെടുത്താൻ കഴിയുമോ? ഇല്ല. മേശപ്പുറത്ത് ഇരിക്കുന്ന ഉപ്പ് കാണാം. അത് ഇട്ടുകഴിഞ്ഞാൽ കാണാനില്ല. അപ്രത്യക്ഷമായി. അത് ആഹാരത്തിൽ അലിഞ്ഞുചേരുകയാണ്. നമ്മൾ ഉപ്പുപോലെ പിതാവിന്റെ സാന്നിധ്യമായി എല്ലായിടത്തും ഉണ്ടായിരിക്കണം.

നമുക്ക് ആത്മാവിൽ ആകാമെങ്കിൽ എല്ലായിടങ്ങളിലും അലിഞ്ഞ്ചേർന്ന് എല്ലാ സാഹചര്യങ്ങളെയും എല്ലാവരെയും നമുക്ക് രുചികരമാക്കാൻ സാധിക്കും. അലിഞ്ഞുചേർന്ന ഉപ്പുപോലെ പിതാവായ ദൈവം തമ്പുരാന്റെ സാന്നിധ്യം നമുക്ക് അനേകർക്ക് കൊണ്ടുകൊടുക്കാൻ സാധിക്കും. അതുകൊണ്ട് പിതാവിന്റെ ആ സ്വഭാവം പിതാവിൽ ഇരിക്കുമ്പോൾ നമുക്ക് കിട്ടും. ആരും കാണാതെ ലൈററുകൾ അണച്ച് രാത്രിയിൽ പായിൽ മുട്ടുകുത്തി പ്രാർത്ഥിക്കുമ്പോൾ, ആരും നമ്മളെ കാണുന്നില്ല. കുറച്ചുകഴിയുമ്പോൾ നീലക്കല്ല് പടുത്ത തളം പോലെ നമുക്ക് കർത്താവിന്റെ പാദം കാണാൻ കഴിയും. പിതാവിന്റെ പാദം ചലിക്കുന്ന നീലക്കല്ല് പടുത്ത തളം പോലെ, ചലിക്കുന്ന നീല പ്രകാശം കണ്ട് ആനന്ദിക്കാൻ സാധിക്കും. പിതാവിനോട് അങ്ങനെ എത്രനേരം ഇരുന്നാലും സമയം പോകുന്നത് അറിയില്ല. അങ്ങനെ പിതാവിന്റെ കൂടെ ഇരിക്കുമ്പോൾ പിതാവ് തരുന്ന സമ്മാനമാണ് പുത്രൻ. അങ്ങനെ പുത്രന്റെ കൂടെ ഇരിക്കുമ്പോൾ പുത്രൻ തരുന്ന സമ്മാനമാണ് ആത്മനിറവ്. ഈ അനുഭവങ്ങൾ കിട്ടികഴിഞ്ഞിട്ട് പുറത്തോട്ട് ഇറങ്ങിയാൽ, ചെല്ലുന്നിടത്ത് എല്ലാം മററുള്ളവർക്ക് പ്രയോജനമുള്ളവരായി ജീവിക്കാൻ സാധിക്കും. അതുകൊണ്ട് മുമ്പേ അന്വേഷിക്കേണ്ടതായ നീതി ഇതാണ്, പിതാവിന്റെ കൂടെ മറഞ്ഞിരിക്കുക, പിതാവിന്റെ കൂടെ ഒളിച്ചിരിക്കുക, പിതാവിന്റെ കൂടെ അടങ്ങിയിരിക്കുക. പിതാവ് പറയുന്നയിടത്തു മാത്രം പ്രത്യക്ഷപ്പെടുക. അല്ലാത്തപ്പോൾ എല്ലാം മാറി മറഞ്ഞിരിക്കുക. അങ്ങനെ ആ സ്വഭാവം നമ്മൾ ആർജ്ജിക്കാമെങ്കിൽ നമ്മൾ പിതാവിന്റെ ഏജന്റുമാരായി മാറും. ഇങ്ങനെ പഴയ നിയമത്തിൽ ജീവിച്ച അബ്രാഹാമും ഇസഹാക്കും യാക്കോബും എന്നിവർ ദൈവം തമ്പുരാന്റെ ഏജന്റുമാരായി തീർന്നു. എവിടെ പ്രത്യക്ഷപ്പെട്ടാലും പരിചയപ്പെടുത്തുന്നത് അബ്രാഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമാണെന്നു പറഞ്ഞാണ്. അപ്പോൾ പുതിയ നിയമത്തിൽ ഈ സ്ഥലത്ത് നമ്മുടെ ആരുടെയെങ്കിലും പേരുകൾ പറഞ്ഞ് പ്രത്യക്ഷപ്പെടുമോ? ഞാൻ ഇന്നയിടത്തെ ഇന്നയാളിന്റെ ദൈവമാണെന്ന് പറഞ്ഞ് പ്രത്യക്ഷപ്പെടുമോ? കർത്താവ് ആഗ്രഹിക്കുന്നത് നമ്മുടെ ഓരോരുത്തരുടെയും പേരുകൾ പറഞ്ഞ് പ്രത്യക്ഷപ്പെടാനാണ്. പക്ഷേ, നമ്മൾ മറഞ്ഞിരിക്കാനോ പിതാവിന്റെ കൂടെയിരിക്കാനോ നമുക്ക് സമയം ഉണ്ടോ? അബ്രാഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും പാതയിൽ പോകമെങ്കിൽ നമുക്ക് ദൈവത്തിന്റെ ഏജന്റായി എവിടെയും കർത്താവിന്റെ വാഹനങ്ങളും ആയുധങ്ങളുമായി മാറാൻ സാധിക്കുന്നു എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. ദൈവരാജ്യം പൂർണ്ണമായി എനിക്ക് കാണാൻ കഴിഞ്ഞിട്ടുണ്ടാ? ദൈവരാജ്യത്തിലേക്ക് പ്രവേശിക്കാനും ദൈവരാജ്യം കാണാനും നമുക്ക് അവകാശമുണ്ടെന്ന് വിശുദ്ധ യോഹന്നാൻ 3 –ാം അദ്ധ്യായത്തിൽ എഴുതിയിട്ടുണ്ട്. വീണ്ടും ജനനത്തിന്റെ

അനുഭവമുള്ളവർ ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുകയും ദൈവരാജ്യം കാണുകയും ചെയ്യുന്ന അവസ്ഥയിൽ നമ്മുടെ പ്രാണൻ യേശുവിന്റെ അകത്ത് കയറികൊണ്ടിരിക്കുമ്പോൾ ദൈവരാജ്യത്തിന്റെ നീതിയും സമാധാനവും പരിശുദ്ധാത്മാവിന്റെ സന്തോഷവും നമുക്ക് കാണാനും അതിലേക്ക് പ്രവേശിക്കാനും സാധിക്കുമെന്നാണ് പറയുന്നത്. ദൈവരാജ്യത്തിൽ പ്രവേശിക്കാനും ദൈവരാജ്യം കാണാനും ആഗ്രഹിച്ചാൽ വീണ്ടും ജനനത്തിന്റെ അനുഭവം 100% ആക്കാമെങ്കിൽ അത് സാധിക്കും. പക്ഷേ അതിന് മുടക്കികൾ 100 – 92 നും ഇടയിലുണ്ട്. അതിനാൽ പലർക്കും ഈ അനുഭവങ്ങൾ ഉണ്ടാകുന്നില്ല. ദൈവരാജ്യമുടക്കികൾ ദൈവരാജ്യത്തിലേക്കുള്ള പ്രവേശനവും ദൈവരാജ്യം കാണുന്ന അനുഭവവും മാററിവെച്ചിരിക്കുന്നു. അവിടെ നമുക്ക് പോരാടണം. 100 – 92 നും ഇടയിലുള്ള മുടക്കികൾ മാറികഴിഞ്ഞാൽ മാത്രമേ ദൈവരാജ്യം നാം എത്ര ശതമാനം കണ്ടു എന്നു പറയാൻ സാധിക്കൂ. ദൈവരാജ്യം കണ്ടിട്ടില്ലായെന്നു മനസിലായല്ലോ?

| പൊതുനിലവാരം | മുടക്കികൾ | പകരം |
|---|---|---|
| 0 - | 100 – 92 | 4 ലക്ഷം |

ദൈവരാജ്യത്തെ മുടക്കുന്ന തിന്മയെ മാററിക്കളയാൻ പകരം നാല് ലക്ഷം ജീവികളെ അനുവദിച്ചിട്ടുണ്ട്. ഈ വർഷത്തെ നോമ്പ് പ്രമാണിച്ച്, ഈ വർഷത്തെ നമ്മുടെ അപേക്ഷ അനുസരിച്ച്, തിന്മയുടെ അവകാശം അനുസരിച്ച്, നാല് ലക്ഷം ജീവികളെ പകരം അനുവദിച്ചിട്ടുള്ളതുകൊണ്ട് നമുക്ക് ഇനിയും നമ്മുടെ മൗനപ്രാർത്ഥനയിലും രഹസ്യപ്രാർത്ഥനയിലും ദൈവരാജ്യത്തിന്റെ സാന്നിധ്യം, ദൈവരാജ്യം കാണാനും അതിൽ പ്രവേശിക്കാനും വേണ്ടി പോരാടണം.

ഇടുക്കുവാതിലിലൂടെ അകത്ത് കടപ്പാൻ പോരാടണം എന്ന വചനപ്രകാരം ഇന്നുമുതൽ നമ്മുടെ എല്ലാ ജാഗരണവും ദൈവരാജ്യം കാണാനും അതിൽ പ്രവേശിക്കാനുമുള്ള ബദ്ധപ്പാടായി മാറുകയാണെങ്കിൽ നാല് ലക്ഷം ജീവികളിലേക്ക് ആ മുടക്കികളെ വിട്ടിട്ട് നമുക്ക് ദൈവരാജ്യത്തിന്റെ ഒരു കോണിൽ എങ്കിലും കയറി ഒരു കോൺ എങ്കിലും കാണാൻ സാധിക്കും. അങ്ങനെ ഓരോ ദിവസം കഴിയുമ്പോൾ ദൈവരാജ്യത്തിന്റെ അതിര് മാററി അടിക്കണം എന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

പരിശുദ്ധാത്മാവും തീയും കൊണ്ടുള്ള സ്നാനം നമ്മളിൽ ഉണ്ടാകുമെന്ന കാര്യം കഴിഞ്ഞ ആഴ്ചയിൽ നാം പഠിച്ചതാണ്. വിശുദ്ധ മർക്കോസ് 9 : 49 – 50. നമ്മുടെ വാക്കിലും ജീവിതത്തിലും പരിശുദ്ധാത്മാവിന്റെ ഉപ്പ് ഉണ്ടെങ്കിൽ നമ്മൾ സമാധാനമുള്ളവരും നാം സമാധാനം കൊടുക്കുന്നവരും ആകാൻ കഴിയുമെന്ന് നാം പഠിച്ചതാണ്. അതിന്റെ പൊതുനിലവാരം:

| പൊതുനിലവാരം | മുടക്കികൾ | പകരം |
|---|---|---|
| 0 – 63 | 100 – 57 | 3 ലക്ഷം |

മൂന്ന് ലക്ഷം ജീവികളെ പകരം കിട്ടിയതുകൊണ്ട് ഉപ്പുള്ളവരും കൃപയുള്ളവരും, കൃപയും ഉപ്പുമുള്ള വാക്കുകൾ പറഞ്ഞ് മററുള്ളവരെ ആശ്വസിപ്പിക്കുന്നവരും സ്വാന്തനിപ്പിക്കുന്ന അവസ്ഥയിലേക്ക് വളരുവാൻ നമുക്ക് കഴിയും എന്നുള്ള കാര്യം നമുക്ക് പ്രത്യാശ നൽകട്ടെ!

യോഹന്നാന്റെ സുവിശേഷം 15 : 4 –ാം വാക്യത്തിൽ യേശു എന്നിലും എന്നിൽ യേശുവും വസിക്കുന്നുണ്ടോ? എന്നിൽ വസിക്കുവിൻ, ഞാൻ നിന്നിലും വസിക്കും. യേശുവിൽ വസിച്ചിട്ട് നമുക്ക് 100% ഫലം കായ്ക്കുവാൻ കഴിയുമെന്ന് പറഞ്ഞ വചനപ്രകാരം, യേശുവിൽ വസിച്ച് 100% ഫലം കായ്ക്കുന്ന അവസ്ഥ 0 – 63 നും ഇടയിലായിരുന്നു. ഒരാഴ്ചത്തെ നോമ്പുകഴിഞ്ഞപ്പോൾ അത് 63 ൽ നിന്ന് 67 ലേക്ക് വളർത്തിയവരുമുണ്ട്. അത് 100% ആകാൻ ഇനിയുള്ള ദിവസങ്ങൾ ഉതകട്ടെയെന്നു ആശംസിക്കുന്നു. മുടക്കികൾ 100 –60 നും ഇടയ്ക്കുണ്ട്. 3 ലക്ഷം പകരം ജീവികളെ കിട്ടിയിട്ടുണ്ട്.

| പൊതുനിലവാരം | മുടക്കികൾ | പകരം |
|---|---|---|
| 0 – 67 | 100 – 60 | 3 ലക്ഷം |

എഫെസ്യർ 5:14 നമ്മൾ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേററ, യേശുവിന്റെ ഉള്ളിൽ പ്രകാശമായി മാറാൻ കഴിയുന്ന ഒരു കാര്യം. ഇരുട്ടിന്റെ പ്രവൃത്തിയെ ശാസിച്ചാൽ നമുക്ക് വെളിച്ചത്തിന്റെ മക്കളായി ജീവിക്കുവാൻ കഴിയുമെന്ന സന്ദേശം അതിലുണ്ടായിരുന്നു. ഞാൻ ഇരുളിനെ ഉപേക്ഷിച്ച്, വെളിച്ചത്തെ സ്നേഹിച്ച്, വെളിച്ചത്തിലേക്ക് വന്നത് എത്ര ശതമാനം? (ചോദ്യം) നമ്മുടെ ശരീരത്തിൽ എത്ര ശതമാനം പ്രകാശമുണ്ട്? ഈ നോമ്പുകാലത്ത് 59% ത്തിൽ നിന്ന് 60% വളർന്നവർ ഉണ്ട്.

| പൊതുനിലവാരം | മുടക്കികൾ | പകരം |
|---|---|---|
| 0 – 60 | 100 – 61 | 3 ലക്ഷം |

എന്നാൽ 40% അന്ധകാരത്തിൽ കിടക്കുന്ന വശവുമുണ്ട്. മുടക്കികൾ 100 – 61നും ഇടയിലുണ്ട്. അതിന് പകരമായി 3 ലക്ഷം ജീവികളെ കിട്ടിയിട്ടുണ്ട്. യെശയ്യാവ് 43 അനുസരിച്ച് നിനക്കു പകരം കൂശിനെയും ശെബയെയും കൊടുത്തിരിക്കുന്നു എന്നു പറഞ്ഞ വചനം ഇവിടെയും നിവൃത്തിയാകുന്നു.

എഫെസ്യർ 5:10–14 വാക്യങ്ങൾക്കിടയിൽ ഇരുട്ടിന്റെ പ്രവൃത്തിയെ ശാസിക്കുമ്പോഴാണ് യേശു നമ്മളിൽ പ്രകാശിക്കുന്ന കാര്യം പറയുന്നു. നോമ്പുകാലത്ത് ഇരുട്ടിന്റെ പ്രവൃത്തിയെ ശാസിച്ച് ഓടിച്ചെങ്കിൽ മാത്രമേ കർത്താവ് നമ്മളിൽ ശോഭിക്കു, നമ്മളിൽ പ്രകാശിക്കു എന്ന വചനപ്രകാരം നമ്മൾ ഇരുട്ടിനെ ശാസിച്ചതിന്റെ നിലവാരം:

| പൊതുനിലവാരം | മുടക്കികൾ | പകരം |
|---|---|---|
| 0 – 48 | 100 – 59 | 3 ലക്ഷം |

48% വരെ ശാസന ദൈവം അംഗീകരിച്ച് കർത്താവിന് പ്രകാശിക്കുവാൻ കഴിഞ്ഞു എന്ന സന്തോഷവാർത്ത ഉണ്ട്. അങ്ങനെ ഇരുട്ടിന്റെ പ്രവൃത്തികളെ താങ്ങി നമ്മളെ ഇരുട്ടിലേക്ക് വലിച്ചിഴക്കുന്നതായ തിന്മയുടെ ശക്തികൾ 100 നും 59 നും ഇടയിലുണ്ട്. അതിന് പകരമായി 3 ലക്ഷം ജീവികളെ ലഭിച്ചിട്ടുണ്ട്. നമുക്ക് വളരെ വേഗം പ്രകാശത്തിലേക്ക് വന്ന് പ്രകാശം മററുള്ളവർക്ക് കൊടുത്ത്, അങ്ങനെ പ്രകാശജീവിയായി ജന്മസാഫല്യം അണയാൻ സാധിക്കുമെന്ന കാര്യം നമുക്ക് പ്രത്യാശ നൽകട്ടെ.

<u>പ്രാർത്ഥന</u>

ഞങ്ങളെ സ്നേഹിക്കുന്ന ദൈവമേ, സകലതും ശോധന ചെയ്തു നല്ലതു മുറുകെ പിടിക്കണമെന്നുള്ള തിരുവചനം ഞങ്ങൾക്ക് അനുസരിക്കുവാനും അത് അനുസരിച്ച് തിരുസന്നിധിയിൽ ഇരിപ്പാനും അങ്ങയുടെ ശബ്ദം കേൾക്കാനും ഇങ്ങനെയൊരു അവസരം ഒരുക്കിതന്നതിനായി നന്ദി പറയുന്നു. ഞങ്ങളെ എല്ലാവരെയും നിന്റെ സന്നിധിയിൽ സമർപ്പിക്കുന്നു. അങ്ങയുടെ ആത്മാവ് വ്യാപരിച്ച് ഈ വർഷത്തെ ഞങ്ങളുടെ നോമ്പ്, ഉപവാസം, പ്രാർത്ഥന, ജാഗരണം, നന്മയാൽ തിന്മയെ ജയിക്കുന്ന യുദ്ധം, ഇതിൽ സ്വർഗ്ഗത്തിലെ ദൈവം ഇറങ്ങിവന്ന് ഞങ്ങളെ സഹായിച്ച് നന്മയാൽ തിന്മയെ ജയിക്കുന്നവരായി ദൈവരാജ്യത്തിന്റെ എല്ലാ അനുഭവങ്ങളും മററുള്ളവരുമായി പങ്കിട്ട് ഞങ്ങൾ ജന്മസാഫല്യമുള്ളവരായി തീരാൻ സഹായിക്കണമെന്ന് യേശുവിന്റെ നാമത്തിൽ യാചിക്കുന്നത്, പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതികരേററുവാൻ തന്നെ, ആമേൻ.